പിലിക്കോട് കാർഷിക ഗവേഷണകേന്ദ്രം

188 (3164) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിലിക്കോട് കാർഷിക ഗവേഷണകേന്ദ്രം വടക്കേ മലബാറിലെ കാർഷിക യൂണിവേഴ്സിറ്റിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലില്ല

ക്ഷീരകർഷക ക്ഷേമനിധി

189 (3165) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര കർഷക ക്ഷേമനിധിയിലേക്ക് വരുമാനം ലഭിക്കുന്ന സ്രോതസ്സുകൾ ഏതൊക്കെയാണ് ; വ്യക്തമാക്കുമോ ;

(ബി) ക്ഷേമനിധി പെൻഷൻ പദ്ധതികൾ വഴി കർഷകർക്ക് കൂടുതൽ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ക്ഷീര കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിന് ലോട്ടറി നടത്തിപ്പുവഴി പണം കണ്ടെത്താൻ പദ്ധതി നടപ്പാക്കുമോ?

ഉത്തരം

(എ) ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർ, പ്രാഥമിക ക്ഷീര സംഘങ്ങൾ, മിൽമ, മേഖലാ യൂണിയനുകൾ എന്നിവയിൽനിന്നും ലഭിക്കുന്ന അംശാദായമാണ് ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്സ്. ക്ഷേമനിധി അംഗങ്ങളായ ക്ഷീര കർഷകർ പ്രതിമാസം 20 രൂപ, പ്രാഥമിക ക്ഷീരസംഘങ്ങൾ പ്രാദേശിക വിപണനം നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.5%, സംഘം മിൽമയ്ക്കോ മേഖലാ യൂണിയനോ നൽകുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.3%, മിൽമയോ മേഖലാ യൂണിയനോ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.75% എന്നീ നിരക്കിലാണ് ക്ഷേമനിധിയിലേക്ക് അംശാദായം നൽകിവരുന്നത്. ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിന് അംഗത്വ ഫീസായി 100 രൂപ ഓരോ അംഗത്തിൽനിന്നും ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ പ്രതിമാസം 500 രൂപയാണ്. ബോർഡിന്റെ നിലവിലെ വരുമാന പരിധിയിൽ നിന്നുകൊണ്ട് പരമാവധി ധനസഹായം അംഗങ്ങൾക്ക് നൽകുന്നുണ്ട്.

(സി) അത്തരം ഒരു പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം

190 (3166) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വളരെക്കുറവാണെന്നത് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പാൽ, മുട്ട, മാസം ഉത്പാദനത്തിനായി സഹകരണ സംഘങ്ങൾ മുന്നോട്ടുവന്നാൽ സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിക്കുമ്പോൾ ഉല്പാദനം കുറവാണെന്നത് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ മുട്ടയുടെ ഉല്പാദനത്തിൽ 2013-14-ൽ 2012-13-നെ അപേക്ഷിച്ച് 10.69% വർദ്ധനവും മാംസത്തിന്റെ ഉല്പാദനത്തിൽ 3.76% വർദ്ധനവും ഉണ്ടായിട്ടുണ്ട്. ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രതിവർഷം 231000 ടൺ കോഴിയിറച്ചി സംസ്ഥാനത്ത് ആവശ്യമാണ്. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിവർഷ ആഭ്യന്തര ഉല്പാദനം 151000 മെട്രിക് ടൺ ആകുന്നു. പ്രതിവർഷം 6300 മില്യൺ മുട്ട സംസ്ഥാനത്ത് ആവശ്യമാണ്. കോഴിമുട്ടയുടെ ആഭ്യന്തര ഉല്പാദനം 2476.9 മില്യൺ ആകുന്നു. (2013-14-ലെ കണക്ക് പ്രകാരം) സംസ്ഥാനത്തിന്റെ ആഭ്യന്തര പാൽ ആവശ്യകതയുടെ 86.68 ശതമാനവും സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആയതിനാൽ പാലുല്പാദനം വളരെക്കുറവാണെന്ന് വിലയിരുത്തപ്പെടുന്നില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly